GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.134/2026 29.10.2026

'കതിര്'; കാർഷിക ക്ലബ്ബിന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

- **ലോഗോ മത്സരത്തിൽ കണ്ണൂർ അണിയാരം കാടാങ്കുനി യു.പി. സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥി ധ്യാൻ കൃഷ്ണ കെ. വിജയി**

തിരുവനന്തപുരം: വിദ്യാർത്ഥികളെ കൃഷിയുമായി കൂടുതൽ അടുപ്പിക്കുകയും കാർഷിക അറിവും സംസ്കാരവും പുതുതലമുറയിലേക്ക് പകരുകയും ലക്ഷ്യമിട്ട് കൃഷിവകുപ്പ് ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന 'കതിര്' കാർഷിക ക്ലബ്ബിന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു. സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ്, വ്യവസായ വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ, മുഖ്യമന്ത്രിയുടെ അഡീഷണൽ സെക്രട്ടറി എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്., കൃഷിവകുപ്പ് ഡയറക്ടർ അർജുൻ പാണ്ഡ്യൻ, കൃഷി അഡിഷണൽ ഡയറക്ടർ രജനി മുരളീധരൻ തുടങ്ങിയവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

'കതിര്' കാർഷിക ക്ലബ് പദ്ധതിയുടെ പ്രചാരണാർഥം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിദ്യാർത്ഥികളിൽനിന്ന് ക്ഷണിച്ച ലോഗോ ഡിസൈനുകളിൽനിന്നാണ് ഔദ്യോഗിക ലോഗോ തിരഞ്ഞെടുത്തത്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തിയ വിധിനിർണയത്തിലൂടെ കണ്ണൂർ അണിയാരം കാടാങ്കുനി യു.പി. സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥി ധ്യാൻ കൃഷ്ണ കെ. വിജയിയായി. വിജയിക്ക് പ്രഖ്യാപിച്ച 10,000 രൂപയുടെ ക്യാഷ് അവാർഡ് 'കതിര്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ കൈമാറും.

വിദ്യാർത്ഥികളിൽ കാർഷികാവബോധം വളർത്തുക, കൃഷിയോടുള്ള താൽപ്പര്യം വർധിപ്പിക്കുക, പ്രായോഗിക കാർഷിക പ്രവർത്തനങ്ങളിലൂടെ മണ്ണ്, ഭക്ഷണം, പ്രകൃതി, കർഷകർ എന്നിവ തമ്മിലുള്ള അഭേദ്യമായ ബന്ധം തിരിച്ചറിയാൻ അവസരമൊരുക്കുക എന്നിവയാണ് 'കതിര്' കാർഷിക ക്ലബ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

കൃഷി കേവലം ഒരു തൊഴിൽമേഖലയല്ലെന്നും മനുഷ്യജീവിതത്തിന്റെയും പ്രകൃതിയുടെ നിലനിൽപ്പിന്റെയും അടിസ്ഥാനമാണെന്നുമുള്ള തിരിച്ചറിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർഥികളിലൂടെ കുടുംബങ്ങളിലേക്കും അവിടെ നിന്ന് പൊതു സമൂഹത്തിലേക്കും കാർഷികോല്പാദനത്തിന്റെ പ്രാധാന്യം എത്തിക്കുന്നതിലൂടെ സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക് എത്തിക്കുകയെന്നതാണ് പദ്ധതിയുടെ ദീർഘകാല ലക്ഷ്യം. സ്കൂൾതലത്തിൽ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുട്ടികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതിബോധം, ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള അവബോധം, കർഷകരോടുള്ള ആദരവ് എന്നിവ വളർത്താനും പദ്ധതിയിലൂടെ സാധിക്കും.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 500 സ്കൂളുകളിൽ നടപ്പാക്കുന്ന 'കതിര്' കാർഷിക ക്ലബ് പദ്ധതി അടുത്ത അധ്യയന വർഷം സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളെ കാർഷിക പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാക്കുന്നതിലൂടെ കൃഷിയോടുള്ള പുതുതലമുറയുടെ സമീപനത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കാനും ഭാവിയിൽ കാർഷിക മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാനും പദ്ധതി വഴിയൊരുക്കും.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ